# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 16 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## സർഫാസി നിയമപ്രകാരമുള്ള ജപ്തി: സ്വമേധയാ കേസെടുക്കുമെന്ന് വനിതകമ്മീഷൻ

തലോറിൽ സ്ത്രീകളും ചെറിയ കുട്ടികളും മാത്രം അടങ്ങുന്ന അഞ്ചംഗ കുടുംബത്തിനെ തിരായി പഞ്ചാബ് നാഷ്ണൽ ബാങ്കിന്റെ നേതൃത്വത്തിൽ സർഫാസി നിയമമപ്രകാരമുള്ള ജപ്തി നടപടികളെ സംബന്ധിച്ചും വീട്ടിലെ വൈദ്യുതി ബന്ധം പത്ത് വർഷമായി കെഎസ്ഇബി വിഛേദിച്ചതും സംബന്ധിച്ച് സ്വമേധയാ കേസെടുക്കുമെന്ന് വനിതകമ്മീഷൻ അധ്യക്ഷ എം.സി. ജോസഫൈൻ പറഞ്ഞു. തൃശൂർ ടൗൺഹാളിൽ നടന്ന വനിതാ കമ്മീഷൻ അദാലത്തിൽ സംസാരിക്കുകയായിരുന്നു അവർ. വൈദ്യുതി കണക്ഷൻ വിഛേദിച്ച സംഭവത്തിൽ ഉടൻ കെഎസ്ഇബി ഒല്ലൂർ സെക്ഷൻ അധികൃതരോട് ഉടൻ വിശദീകരണം തേടുമെന്നും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ ആവശ്യപ്പെടുമെന്നും അവർ പറഞ്ഞു. ദേശീയപാതയോരത്ത് 2 കോടിക്ക് മുകളിൽ വിലയുള്ള തലോറിലെ 23.5 സെന്റ് സ്ഥലമാണ് ബാങ്ക് ലേലത്തിൽ വയ്ക്കാൻ തയ്യാറെടുക്കുന്നത്. ഇക്കാര്യത്തിൽ ഹൈക്കോടതി ആവശ്യപ്പെട്ടതനുസരിച്ച് 30 ലക്ഷം രൂപ ഈടാക്കി ബാക്കി തുക കുടുംബത്തിന് നൽകുന്ന നിലയിലുള്ള നടപടികൾ ബാങ്ക് സ്വീകരിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. കാഴ്ച്ചവൈകല്യമുള്ള കുട്ടി ഉൾപ്പടെയുള്ള കുടുംബത്തിനോട് മനുഷ്യതപരമായ നിലപാടുകൾ സ്വീകരിക്കണമെന്നും കമ്മീഷൻ പറഞ്ഞു.

കേരള കാർഷിക സർവ്വകലാശാലയിൽ അസിസ്റ്റൻറ എക്സിക്യൂട്ടീവ് എഞ്ചിനീയർ മാനസികമായി പീഡിപ്പിക്കുന്നുവെന്ന വനിതാ അസി. എഞ്ചിനീയറുടെ പരാതിയിൽ ഉന്നത ഉദ്യോഗസ്ഥരിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടതിനു ശേഷം നടപടികൾ സ്വീകരിക്കാൻ കമ്മീഷൻ തീരുമാനിച്ചു. നിയമപരമായി വിവാഹം ബന്ധം വേർപ്പെടുത്താതെ മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ച ഭർത്താവിനോട് കോടതി തനിക്ക് പ്രതിമാസം 3000 രൂപ നൽകാൻ നിർദ്ദേശിച്ചിട്ടും അത് നൽകുന്നില്ലെന്ന ഭാര്യയുടെ പരാതിയിൽ ഭർത്താവിന് സമൻസ് അയക്കാനും കമ്മീഷൻ തീരുമാനിച്ചു. വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ പരിധിയിൽ വട്ടപ്പാറയിൽ വഴിതർക്കത്തിനിടെ സ്ത്രീയെ ലൈംഗികമായി അപമാനിച്ചുവെന്ന പരാതിയിൽ കമ്മീഷൻ റിപ്പോർട്ട് തേടും.

ഭർത്താവ് മരിച്ചതിനെ തുടർന്ന് അനാഥമാക്കപ്പെട്ട തനിക്കും കുട്ടികൾക്കും ഭർത്താവ് വാങ്ങിയ ഭൂമി പിതാവിന്റെ പേരിൽ രജിസ്റ്റർ ചെയ്ത ഭൂമിയുടെ സ്വത്തിൽ അവകാശം ലഭിക്കാൻ ഇടപെടണമെന്ന സ്ത്രീയുടെ അപേക്ഷ കമ്മീഷൻ പരിഗണിച്ചു. കമ്മീഷന്റെ മധ്യസ്ഥതയിൽ 30 ലക്ഷം രൂപ 90 ദിവസത്തിനുള്ളിൽ ഇവർക്ക് നൽകാമെന്ന ഉറപ്പ് ലംഘിച്ച ഭർതൃവീട്ടുകാരെ അദാലത്തിൽ വിളിപ്പിക്കാൻ കമ്മീഷൻ തീരുമാനിച്ചു.

ആകെ 100 കേസുകളാണ് ഇന്ന് കമ്മീഷൻ പരിഗണിച്ചത്. ഇതിൽ 46 കേസുകൾ തീർപ്പാക്കി. 49 എണ്ണം അടുത്ത അദാലത്തിലേയ്ക്ക് മാറ്റി. കമ്മീഷൻ അധ്യക്ഷയ്ക്ക് പുറമേ അംഗങ്ങളായ ഇ.എം. രാധ, ഷിജി ശിവജി എന്നിവരും പങ്കെടുത്തു.

## അതിജീവനം: ദുരിതാശ്വാസ നിധിയിലേക്ക് വിദ്യാഭ്യാസമേഖല നൽകിയത് ഒന്നേകാൽ കോടി രൂപ

കേരളം കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തത്തിന് ഒരാണ്ട് തികയുമ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജില്ലയിലെ വിദ്യാഭ്യാസമേഖലയുടെ സംഭാവന ഒന്നേകാൽ കോടി രൂപ. പ്രളയദുരന്തത്തിൽപെട്ടവരെ സഹായിക്കുന്നതിന് സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, സിബിഎസ്ഇ സ്കൂളുകളിൽ നിന്നായി 1,28,76,104 രൂപയാണ് സംഭാവനയായി നൽകിയത്. പ്രളയത്തെ തകർന്ന വിദ്യാഭ്യാസമേഖലയിൽ ഉണ്ടായ നഷ്ടം 7.83 കോടി രൂപയാണ്. ഈ നഷ്ടം നികത്തി വരുന്നതിനിടെയാണ് ഇത് വരെയായി ഇത്രയും തുക സമാഹരിച്ച് നൽകിയത്. മുല്ലശ്ശേരി, ഇരിങ്ങാലക്കുട, തൃശൂർ നോർത്ത്, വെസ്റ്റ്, വലപ്പാട്, വടക്കാഞ്ചേരി, കുന്നംകുളം, കൊടുങ്ങല്ലൂർ, ചേർപ്പ്, ചാലക്കുടി, മാള വിദ്യാഭ്യാസഉപജില്ലകളിൽ നിന്നുള്ള 105 സ ്കൂളുകളെയാണ് പ്രളയം ബാധിച്ചത്. യൂണിഫോം നഷ്ടപ്പെട്ട 1664 വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോമിന്റെ വിതരണം പൂർത്തിയായി. സ്കൂൾ കെട്ടിടങ്ങളുടെ ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികളും കേടുപാടുകളും സ്കൂൾ പി.ടി.എ മുഖാന്തിരവും മാനേജ്മെന്റ് തലത്തിൽ ഹൈദരാബാദ് ആസ്ഥാനമായുള്ള ഹൺഡ്രഡ് ഫോർ ഹൺഡ്രഡ് ഫൗണ്ടേഷൻ , മുംബൈ ആസ്ഥാനമായുള്ള ബ്ലൂം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നീ പ്രൈവറ്റ് ഏജൻസികളുടെ സഹായത്തോടെയും പൂർത്തീകരിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന 541000 രൂപയും വകമാറ്റി. കെ.ബി.പി.എസ് മുഖേന 20000 വിദ്യാർത്ഥികൾക്ക് 140276 ആവശ്യമായ ടെക്സ്റ്റ് ബുക്കുകളും 125000 നോട്ട്ബുക്കുകളും 25747 പഠനസാമഗ്രികളും വിതരണം ചെയ്തു. ആറായിരത്തോളം ബാഗുകൾ വിവിധ ഏജൻസികൾ മുഖേനയും 2000 ബാഗുകൾ പ്ലാനിങ് ഇന്ത്യ കമ്പനി മുഖേനയും വിതരണം ചെയ്തു. പേന, പെൻസിൽ, കുട തുടങ്ങിയ പഠനോപകരണങ്ങളും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വഴി ബന്ധപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് വിതരണം പൂർത്തീകരിച്ചു. പ്രളയം പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് ചെറിയ തോതിൽ മങ്ങലേൽപ്പിച്ചുവെങ്കിലും പിന്നീട് പ്രവർത്തനങ്ങൾ അതിവേഗത്തിലാക്കാൻ കാണാൻ സാധിച്ചത്. ജില്ലയിൽ ചലഞ്ച് ഫണ്ടിനായി അപേക്ഷിച്ച ഒമ്പത് എയ്ഡഡ് സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചു കഴിഞ്ഞു. കൂടാതെ 3900 ക്ളാസ് മുറികളിൽ 3804 എണ്ണവും ഹൈടെക് ആയി മാറ്റി. 442 സ്കൂളുകൾക്കായി 385 ടെലിവിഷനും 3760 ഡി. എസ്.എൽ.ആർ ക്യാമറകളും 393 വെബ്ക്യാമറയും പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിതരണം പൂർത്തീകരിച്ചു. പ്രൈമറി തലത്തിൽ സർവേ പൂർത്തിയ സ്കൂളുകളിൽ കൈറ്റ് മുഖേന ഹൈടെക് ഉപകരണങ്ങൾ ഉടനെ വിതരണം ചെയ്യും. പൈലറ്റ് പ്രോഗ്രാമിന്റെ ഭാഗമായി 12 സ്കൂളുകളിൽ 80 ലാപ്ടോപ്പുകളും 31 പ്രോജക്ടറുകളും നൽകി. കിഫ്ബി മുഖാന്തിരം 5 കോടി ഉപയോഗിച്ച് 13 വിദ്യാലയങ്ങളുടെയും 3 കോടി ഉപയോഗിച്ച് 13 വിദ്യാലയങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 31 സർക്കാർ വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങളും മികച്ച രീതിയിൽ നടന്നു വരുന്നതായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## ജില്ലാ ദുരന്തനിവാരണ വിഭാഗവുമായി ഒരുമിച്ചു പ്രവർത്തിക്കാൻ ഇന്റർ ഏജൻസി ഗ്രൂപ്പ്

ജില്ലാ ദുരന്തനിവാരണ ആസൂത്രണ പ്ലാൻ വിപുലപ്പെടുത്താനും പ്രളയത്തെ തുടർന്നുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാനും ഭരണകൂടത്തിനു കീഴിൽ സർക്കാരിതര സംഘടന സ്ഥാപനങ്ങളുടെ കൂട്ടായ്മക്ക് ജില്ലയിൽ തുടക്കമായി. കേരള സംസ്ഥാന ആന ദുരന്ത നിവാരണ അതോറിറ്റി സ്പിയർ (സ്പിയർ ഇന്ത്യ) ഇന്ത്യ-ചേർന്നാണ് ഇത്തരമൊരു സംരംഭം നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾക്ക് ഏകീകൃത സ്വഭാവം കൈ വരേണ്ടതുണ്ടെന്നും മറ്റു സംവിധാനങ്ങളെ കൂടി ഇതിൽ ഭാഗമാക്കേണ്ടതുണ്ടെന്നും ജില്ലാ കളക്ടർ എസ് ഷാനവാസ് പറഞ്ഞു. പ്രളയത്തിനു ശേഷം ജില്ലയിൽ ഓരോ സംഘടനയും വിവിധ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെ വിശകലനം ചെയ്തു. ഇസാഫ്, കിഡ്സ് കോട്ടപ്പുറം, ഗ്രാമലയ, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ജനനീതി, ആക്ട്സ് തൃശ്ശൂർ, ഹ്യൂമൻ വെൽഫെയർ കൗൺസിൽ, സോലെസ ഫൗണ്ടേഷൻ തുടങ്ങി ഇരുപതോളം ഓണം സംഘടനാപ്രതിനിധികൾ പങ്കെടുത്തു. ഡെപ്യൂട്ടി കളക്ടർ ഡോ. സി റജിൽ, സ്പിയർ ഇന്ത്യ ഓഫീസർ വിജേഷ്, ജില്ലാ പ്രോജക്ട് ഓഫീസർ നൗഷാബ നാസ്, ജില്ലാ ഹസാർഡ് അനലിസ്റ്റ് അതുല്യ എന്നിവർ സംസാരിച്ചു.

## പരിശീലനം 20 ന്

കെഎസ്ഇബി ദുരന്തനിവാരണ മേഖലയിൽ സേവനമനുഷ്ഠിക്കുന്നവർക്കുള്ള ഏകദിന പരിശീലനം ജൂലൈ 20 രാവിലെ 10 ന് തൃശൂർ വൈദ്യുതിഭവനിൽ നടത്തും. ഫോൺ : 0487-2382458.

## ഗോരക്ഷ പദ്ധതി
## ജൂലൈ 17 മുതൽ ഓഗസ്റ്റ് 12 വരെ

ഗോരക്ഷ കുളമ്പുരോഗപദ്ധതി കുത്തിവയ്പ് പദ്ധതിയുടെ 26-ാം ഘട്ടം ജൂലൈ 17 മുതൽ ഓഗസ്റ്റ് 12 വരെ തൃശൂർ ജില്ലയിൽ നടത്തും. ജില്ലാതല ഉദ്ഘാടനം വലക്കാവ് ക്ഷീരോല്പാദക വ്യവസായ സംഘം പരിസരത്ത് ജൂലൈ 18 രാവിലെ 9 ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർവഹിക്കും. വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിച്ചിട്ടുള്ള ക്യാമ്പുകൾ വഴിയും ഭവന സന്ദർശനം വഴിയും കന്നുകാലികൾ, എരുമ, പന്നി എന്നിവയെ കുളമ്പുരോഗ പ്രതിരോധകുത്തിവയ്പിന് വിധേയമാകുന്നു. ഉരു ഒന്നിന് സൗജന്യനിരക്കായ പത്ത് രൂപ കർഷകർ നൽകണം. മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, മിൽമ, ക്ഷീരസംഘങ്ങൾ, വനം വന്യജീവി വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കുളമ്പുരോഗ പ്രതിരോധ പരിപാടി വിജയിപ്പിക്കാൻ ക്ഷീരകർഷകർ സഹകരിക്കണമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

## സൗജന്യ മുച്ചക്രവാഹനം :
## അപേക്ഷ ക്ഷണിച്ചു

ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ 2019 ഫെബ്രുവരി 11 നകം അംഗത്വമെടുത്ത ഭിന്നശേഷിക്കാരായ അംഗങ്ങളിൽ നിന്നും സൗജന്യ മുച്ചക്രവാഹനം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഓഗസ്റ്റ് 31. അപേക്ഷഫോമും വിശദവിവരങ്ങളും ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ : 0487-2360490.

## വനിതാ അംഗമാകാം

ജില്ലാതല വിജിലൻസ് കമ്മിറ്റിയിൽ നിലവിലുള്ള വനിതാ അംഗത്തിന്റെ ഒഴിവിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിന് തൃശൂർ ജില്ലയിലെ അംഗീകൃത ഉപഭോക്തൃസംഘടനയിൽ പ്രവർത്തിക്കുന്ന വനിതാ അംഗങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ പേര്, മേൽവിലാസം, ഫോൺനമ്പർ എന്നീ വിവരങ്ങൾ സഹിതം ജൂലൈ 25 നകം അപേക്ഷ ജില്ലാ സപ്ലൈ ഓഫീസർ, ഒന്നാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ എന്ന വിലാസത്തിൽ നൽകണം. ഫോൺ : 0487-2360046.

## ചിത്ര ശില്പകലാ ക്യാമ്പ്:
## ജൂലൈ 17 മുതൽ 23 വരെ

കേരള ലളിതാകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 17 മുതൽ 23 വരെ 'ലയം' ചിത്ര ശില്പകലാ ക്യാമ്പ് നടത്തും. ക്യാമ്പിന്റെ ഉദ്ഘാടനം ജൂലൈ 17 രാവിലെ 10 ന് അക്കാദമി ആസ്ഥാന മന്ദിര അങ്കണത്തിൽ എഴുത്തുകാരൻ മധുപാൽ നിർവഹിക്കും. കേരള ലളിതാകലാ അക്കാദമി ചെയർമാൻ നേമം പുഷ്പരാജ് അദ്ധ്യക്ഷത വഹിക്കും. കേരള സംഗീത നാടക അക്കാദമി സെക്രട്ടറി എൻ രാധാകൃഷ്ണൻ നായർ, കേരള സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. കെ പി മോഹനൻ തുടങ്ങിയവർ ആശംസ നേരും. കേരള ലളിതാകലാ അക്കാദമി ചെയർമാൻ പൊന്ന്യം ചന്ദ്രൻ സ്വാഗതവും കേരള ലളിതാകലാ അക്കാദമി നിർവാഹകസമിതി അംഗം ബൈജുദേവ് നന്ദിയും പറയും. ജൂലൈ 17 ന് വൈകീട്ട് ആറിന് സന്താനഗോപാലും കലാമണ്ഡലം ശർമ്മിളയും സംഘവും അവതരിപ്പക്കുന്ന ഓട്ടംതുള്ളൽ. 18 ന് വൈകീട്ട് നാലിന് എൻ രാധാകൃഷ്ണൻ നായരുടെ പ്രഭാഷണവും ആറിന് സംഗീത സായാഹ്നവും. 19 ന് വൈകീട്ട് നാലിന് ബിപിൻ ബാലചന്ദ്രന്റെ പ്രഭാഷണവും വൈകീട്ട് ആറിന് രത്നശ്രീ അയ്യരുടെ തബല

സോളോയും. 20 ന് വൈകീട്ട് നാലിന് കരിവെള്ളൂർ മുരളിയുടെ പ്രഭാഷണവും വൈകീട്ട് ആറിന് കോഴിക്കോട് ഉറവ നാടൻ കലാസംഘം അവതരിപ്പിക്കുന്ന നാടൻ പാട്ടുകൾ. 21 ന് വൈകീട്ട് ആറിന് സംഗീത സായാഹ്നം. 22 ന് വൈകീട്ട് നാലിന് സി എസ് ജയറാമിന്റെ പ്രഭാഷണവും വൈകീട്ട് ആറിന് ശ്രീകുട്ടിയും സംഘവും അവതരിപ്പിക്കുന്ന നൃത്താവിഷ്കാരവും. 23 ന് വൈകീട്ട് നാലിന് സമാപന സമ്മേളനം.

## കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ നിയമനം

നായരങ്ങാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഈ അദ്ധ്യയന വർഷം കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ നിയമനം നടത്തുന്നു. ബന്ധപ്പെട്ട ട്രേഡിലുള്ള പരിശീലനമാണ് യോഗ്യത. താൽപര്യമുള്ളവർ ബയോഡാറ്റയും പ്രായം, ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം ജൂലൈ 20 നകം ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, ചാലക്കുടി 680307 എന്ന വിലാസത്തിൽ നൽകണം. ഫോൺ : 0480-2706100.

## അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഇനി ക്ഷീരകർഷരും

കുന്നംകുളം നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഇനി മുതൽ ക്ഷീര കർഷകരും. ഇവർക്കുള്ള തൊഴിൽ കാർഡ് വിതരണം നഗരസഭ ചെയർപേഴ്സൻ സീതാ രവീന്ദ്രൻ നിർവഹിച്ചു. കഴിഞ്ഞ വർഷം നടന്ന നഗരസഭ കൗൺസിൽ യോഗത്തെ തുടർന്നാണ് ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ചേർക്കാൻ തീരുമാനിച്ചത്. പശുവളർത്തലും പരിപാലനവും ഉപജീവനമാക്കിയവരെ ഇതിൽ ഉൾപ്പെടുത്തുന്നതാണ് പദ്ധതി. അവശത അനുഭവിക്കുന്ന വിഭാഗത്തിലുള്ളവരും രണ്ട് കറവ പശുക്കളെ പരിപാലിക്കുന്നവർക്കും ഇതിൽ അംഗങ്ങളാകാം. പദ്ധതി പ്രകാരം നൂറ് ദിവസത്തെ വേതനം ഇവർക്ക് നൽകും. പശുക്കളെ വളർത്തുന്നുവെന്നതിന് വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം, രണ്ട് പശുക്കളുടെയും ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, ക്ഷീരകർഷക സഹകരണ സംഘത്തിലെ പാസ്ബുക്ക് എന്നിവ ഹാജരാക്കണമെന്നാണ് നിബന്ധന.

പത്ത് ലിറ്റർ പാൽ ക്ഷീരകർഷക സഹകരണ സംഘത്തിൽ നൽകിയ ദിവസങ്ങൾ പരിഗണിച്ചാണ് ഇവർക്കുള്ള വേതനം നൽകുക. പട്ടികജാതി വിഭാഗക്കാർ, മുൻഗണന പട്ടികയിൽ താഴെയുള്ള ക്ഷീരകർഷകർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങൾ, പി.എം.എ.വൈ. ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾ എന്നിവർക്ക് മുൻഗണന ലഭിക്കും. ക്ഷീരസംഘത്തിൽ പാൽ അളക്കുന്നവർക്ക് നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി വരുന്നുണ്ട്. അവശരായ ക്ഷീരകർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ചെയർപേഴ്സൻ വ്യക്തമാക്കി. ഇവർക്കുള്ള തൊഴിൽകാർഡ് വിതരണത്തിൽ സ്ഥിരം സമിതി അധ്യക്ഷ സുമ ഗംഗാധരൻ, ഗീത ശശി തുടങ്ങിയവരും പങ്കെടുത്തു.

## നാഷണൽ ലോക് അദാലത്ത്: 1461 കേസുകൾ പരിഹരിച്ചു

നിയമ സേവന അതോറിറ്റി നടത്തിയ നാഷണൽ ലോക് അദാലത്തിൽ 1461 കേസുകൾ പരിഹരിച്ചു. വാഹനാപകട കേസുകൾ, ബാങ്ക് കേസുകൾ, മൊബൈൽ കമ്പനികളുടെ കേസുകൾ, കോടതികളിൽ നിലവിലുള്ള സിവിൽ കേസുകൾ, ഗുരുതമല്ലാത്ത ക്രിമിനിൽ കേസുകൾ എന്നിവ അദാലത്തിൽ പരിഗണിച്ചു. ആറ് താലൂക്കുകളിലായി 30 ബൂത്തുകളിൽ 10396 പരാതികൾ പരിഗണിച്ചു. വാഹനാപകട കേസുകളിൽ മാത്രം 1616 എണ്ണം പരിഗണിച്ചതിൽ 811 എണ്ണം ഒത്തു തീർപ്പായി. വാഹനാപകട കേസുകളിൽ മാത്രം 15.69 കോടി രൂപ അനുവദിച്ചു. ബാങ്കുകളുടെ പരാതികളിൽ 258 എണ്ണം തീർപ്പാക്കി. ഭൂമി രജിസ്ട്രേഷൻ വില സംബന്ധിച്ച പരാതികളിൽ 60 എണ്ണം തീർപ്പാക്കി. അദാലത്തിൽ ആകെ 20.95 കോടി രൂപ അവാർഡിനായി വിധിച്ചു. ലോക് അദാലത്തിൽ പങ്കെടുക്കുന്നവർക്ക് വക്കീൽ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയുമില്ല.

## റിലേഷൻഷിപ്പ് കേരള
## പദ്ധതിയുമായി കുടുംബശ്രീ

വയോജനങ്ങൾ, ഭിന്നലിംഗക്കാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് സ്നേഹ സാന്ത്വനമായി കുടുംബശ്രീ അയൽക്കൂട്ട രൂപീകരണം ആരംഭിച്ചു. സാമ്പത്തികമായും സാമൂഹികമായും ഇവരെ ഉന്നതിയിൽ എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വയോജനങ്ങൾക്ക് സന്തോഷപ്രദമായ ജീവിതം നയിക്കാൻ ഇവർക്ക് ലഭിക്കുന്ന ഇടവേളകൾ വായന, കഥാകഥനം, പാട്ടും നൃത്തവും, നാടൻ കലകൾ, പദ്യപാരായണം തുടങ്ങിയവയ്ക്കായി പ്രയോജനപ്പെടുത്തും. വ്യക്തിഗതമായോ കൂട്ടമായോ ആയ സ്വയംസംരംഭങ്ങൾ ആരംഭിക്കുവാനോ നിലവിലുള്ള മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കും. ഇവരുടെ ആരോഗ്യപരിചരണ കാര്യങ്ങളിൽ ആരോഗ്യകേന്ദ്രങ്ങളുടെ ഇടപെടലുകൾ നടത്തുക, തദ്ദേശസ്വയംഭരണസംവിധാനങ്ങളിലൂടെ വികസന ഫണ്ടിൽ നിന്ന് വയോജനക്ഷേ പദ്ധതികൾക്കുള്ള നീക്കി വയ്പുകൾ വർദ്ധിപ്പിക്കാനും അവ ഫലപ്രദമായി ചെലവഴിക്കപ്പെടുന്നു എന്നും ഉറപ്പാക്കുക എന്നിവയെല്ലാം പദ്ധതി ലക്ഷ്യമിടുന്നു. തൃശൂർ ജില്ലയിൽ 1167 വയോജന അയൽക്കൂട്ടങ്ങളും 192 ഭിന്നശേഷി അയൽക്കൂട്ടങ്ങളും ഒരു ഭിന്നലിംഗ അയൽക്കൂട്ടവും രൂപീകരിച്ചു. 9242 പേർ ഇതിലൂടെ പദ്ധതിയിൽ ഭാഗമായി. ഇവർക്കായി കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ 21 സൗജന്യ നേത്ര ചികിത്സയും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. മാനസിക ഉല്ലാസത്തിനായി വിനോദയാത്ര, സിനിമപ്രദർശനം, പരിസ്ഥിതിവാരാഘോഷം എന്നിവ സംഘടിപ്പിച്ചു.

## അപ്രന്റീസ് ക്ലാർക്ക് നിയമനം

പട്ടികജാതി വികസന വകുപ്പിന് കീഴിൽ തൃശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഗവ. ഐടിഐ കളിൽ അപ്രന്റീസ് ക്ലാർക്ക് നിയമനത്തിന് പട്ടികജാതിയിൽപ്പെട്ടവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ബിരുദവും ഡിസിഎ/സിഒപിഎയും മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനവുമാണ് യോഗ്യത. താൽപര്യമുള്ളവർ അപേക്ഷ ജൂലൈ 24 നകം അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണം. അപേക്ഷഫോമും വിശദവിവരങ്ങളും ബന്ധപ്പെട്ട ഐടിഐകൾ, ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി, ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭിക്കും. ഫോൺ : 0487-2360381.

## സൗജന്യ ബീച്ച് അംബ്രല്ല:
## അപേക്ഷ ക്ഷണിച്ചു

ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള വഴിയോരകച്ചവടക്കാരിൽ നിന്നും സൗജന്യ ബീച്ച് അംബ്രല്ല ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഓഗസ്റ്റ് 31. അപേക്ഷഫോമും വിശദവിവരങ്ങളും ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ : 0487-2360490.

## ലബോറട്ടറി പരിശീലനം

ആലപ്പുഴ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെക്കിങ് ദി ബസ്റ്റിൽ ക്വാളിറ്റി മാനേജ്മെന്റ് പ്രാക്ടീസസ് ഇൻ മെഡിക്കൽ ലബോറട്ടറി എന്ന പരിശീലന പരിപാടി ഓഗസ്റ്റിൽ നടത്തും. താൽപര്യമുള്ള ഡോക്ടർമാർ, ലാബ് ടെക്നീഷ്യൻമാർ, ക്വാളിറ്റി എക്സിക്യൂട്ടീവുകൾ എന്നിവർക്ക് പങ്കെടുക്കാം. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും 7902381031, 9048110031, 9447729772 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## കമ്പ്യൂട്ടർ കോഴ്സ്

തൃശൂർ കെൽട്രോൺ സെന്ററിൽ ഓഫീസ് ഓട്ടോമേഷൻ, വേർഡ് പ്രോസസ്സിങ് ആൻഡ് ഡാറ്റ എൻട്രി, ഡിസിഎ, പിജിഡിസിഎ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ : 0487-2429000.

## പ്രേരക്മാർക്കുള്ള ഐസിടി പരിശീലനം നടത്തി

ജില്ലയിലെ പ്രേരക്മാർക്കുള്ള ത്രിദിന ഐസിടി പരിശീലനം തൃശൂർ കൈറ്റിൽ ആരംഭിച്ചു. തൃശൂർ ഡയറ്റ് പ്രിൻസിപ്പൽ ഡോ. ശ്രീജ ഉദ്ഘാടനം ചെയ്തു. ലക്ചറർ എ മനോരമ അദ്ധ്യക്ഷത വഹിച്ചു. സാക്ഷരതാ മിഷൻ അസി.കോ-ഓർഡിനേറ്റർ പി.എൻ ബാബു, ട്രയിനി എം എസ് രാജീവ് , വി.വി ശ്യാം ലാൽ, പി പ്രസി എന്നിവർ സംസാരിച്ചു.

## ചങ്ങാതി പദ്ധതി: പരിശീലനം നടത്തി

ജില്ലയിൽ ചങ്ങാതി പദ്ധതിയുടെ പരിശീലനം പേരാമംഗലം തുടർ വിദ്യാകേന്ദ്രത്തിൽ കൈപ്പ റമ്പ് പഞ്ചായത്ത് പ്രസിഡന്റ് സി.ജെ ആന്റോ ഇൻസ്ട്രക്ടർ സി.വി രാജീവിന് പഠനോപകരണ ങ്ങൾ നല്കി നിർവഹിച്ചു. കൈപ്പറമ്പ് പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ എം.എ രഘുനാഥൻ അദ്ധ്യക്ഷത വഹിച്ചു. കോ-ഓർഡിനേറ്റർ വി.വി.ശ്യാംലാൽ പദ്ധതി വിശദീകരിച്ചു. ജില്ലാതല റിസോഴ്സ് മെമ്പർ പി.എ പങ്കജാക്ഷൻ, പുഴക്കൽ ബ്ലോക്ക് പഞ്ചാ യത്ത് മെമ്പർ വനജാ റാഫി, പ്രേരക് ഷീല തുടങ്ങിയവർ സംസാരിച്ചു.

## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്ഷരയാത്ര ചാലക്കുടിയിൽ

ചോദ്യം ചോദിക്കാനുള്ള കഴിവാണ് കുട്ടികളെ മികച്ചവരാക്കുന്നതെന്ന് സാഹിത്യകാരൻ സെബാസ്റ്റ്യൻ പള്ളിത്തോട് പറഞ്ഞു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്രയുടെ ചാലക്കുടി സേക്രഡ് ഹാർട്ട് കോൺവെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ സ്വീകരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സി ആർ ദാസ് അദ്ധ്യക്ഷനായിരുന്നു. വായനമത്സരത്തിലും കാവ്യാലാപനമത്സരത്തിലും വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റും സി ആർ ദാസ് നൽകി. സേക്രഡ് ഹാർട്ട് കോൺവെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ പ്രധാന അധ്യാപിക സിസ്റ്റർ ജോളി റോസ് എഫ് സി സി, എസ് എച്ച് സി ജി എൽ പി എസ് പ്രധാന അധ്യാപിക സി. ലീൻ റോസ് എഫ് സി സി, പി ടി എ പ്രസിഡന്റ് സി കെ സുനിൽകുമാർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു. കുട്ടികൾക്ക് ബാലസാഹിത്യ പുസ്തകങ്ങൾ പകുതിവിലയ്ക്ക് ലഭ്യമാക്കുന്ന പുസ്തകമേളയും അക്ഷരാത്രയുടെ ഭാഗമാണ്. തൃശ്ശൂർ ജില്ലയിലെ ഏതു കുട്ടിക്കും അക്ഷരയാത്ര നടക്കുന്ന സ്കൂളുകളിൽനിന്ന് പുസ്തകങ്ങൾ വാങ്ങാം. ഒരു സ്കൂളിൽ രണ്ടു ദിവസമാണ് പുസ്തകപ്രദർശനം.

## ഐ റ്റി പരിശീലനം

സി-ഡിറ്റിൽ പിജിഡിസിഎ, അഡ്വാൻസ് ഡിപ്ലോമ, ഡിസിഎ, ജാവ, ഡോട്ട് നെറ്റ്, ടാലി, മലയാളം കമ്പ്യൂട്ടിങ്, ഫോറിൻ അക്കൗണ്ടിങ്, ഹാർഡ്‌വെയർ നെറ്റ് വർക്കിങ് തുടങ്ങി കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് വെബ് സൈറ്റ് www.tet.cdit.org. ഫോൺ : 0471-2321360, 2321310.

## പിഎസ്‌സി: സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

തൃശൂർ ജില്ലയിൽ എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തികയുടെ (കാറ്റഗറി നമ്പർ 659/17) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ശാരീരിക അളവെടുപ്പും പ്രായോഗിക പരീക്ഷയും

വിജയകരമായി പൂർത്തിയാക്കുന്നവരുടെ സർട്ടിഫിക്കറ്റ് പരിശോധന ജൂലൈ 19 രാവിലെ 10 ന് തൃശൂർ ജില്ലാ പിഎസ്സി ഓഫീസിൽ നടത്തും. ഇത് സംബന്ധിച്ചുള്ള അറിയിപ്പ് ഉദ്യോഗാർത്ഥികൾക്ക് എസ്എംഎസ്, പ്രൊഫൈൽ സന്ദേശം എന്നിവ മുഖേന നൽകിയിട്ടുണ്ട്. അറിയിപ്പ് ലഭിക്കാത്തവർ ജില്ലാ പിഎസ്സി ഓഫീസുമായി ബന്ധപ്പെടണം. ഉദ്യോഗാർത്ഥികൾ ആവശ്യമായ രേഖകൾ പ്രൊഫൈലിൽ അപ്ലോഡ് ചെയ്ത് വെരിഫിക്കേഷന് എത്തണം. വിശദവിവരങ്ങൾ പ്രൊഫൈലിൽ ലഭിക്കും.